# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5982</u> <u>28-03-2018 – ൽ മറുപടിയ്ക്ക്</u>

**<u>ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള പ്രൊമോഷൻ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ:** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)** |
| (എ) ഇന്ത്യയിലെ മിക്ക സർവ്വകലാശാലകളും അംഗീകരിച്ച ഇഗ്നോ നടത്തുന്ന കോഴ്സുകൾ പാസ്സായി ലീഗൽ മെട്രോളജി വകുപ്പിൽ തസ്തികമാറ്റം വഴി ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയിലേക്ക് അപേക്ഷ നൽകിയിട്ടുള്ളവർക്ക് പ്രൊമോഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ ഇത് വിശദമാക്കാമോ; | (എ) ഇഗ്നോ നടത്തുന്ന കോഴ്സുകൾക്ക് PSC-യുടെ അംഗീകാരമില്ലെന്ന് പരാതി ലഭിക്കുകയും, പ്രസ്തുത വിഷയത്തിന്മേൽ ലീഗൽ മെട്രോളജി കൺട്രോളർ PSC-യുടെ സ്പഷ്ടീകരണം ലഭ്യമാക്കി നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്ത സാഹചര്യത്തിൽ വിദൂര വിദ്യാഭ്യാസ സയൻസ് കോഴ്സുകൾക്ക് PSC അംഗീകാരമുണ്ടോ എന്നതു സംബന്ധിച്ച സ്പഷ്ടീകരണം നൽകുവാൻ PSC-യോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) ഇപ്രകാരം യോഗ്യത നേടിയിട്ടുള്ള ആരുടെയെങ്കിലും അപേക്ഷ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) പ്രസ്തുത അപേക്ഷയിൽ ഇതുവരെയും തീരുമാനം എടുത്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ